നം.ക്യു.ഐ.പി.1/9141/2020/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 15.05.2020.

## സർക്കുലർ

വിഷയം:- പൊതു വി.വ. സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രവേശനം, വിടുതൽ - സംബന്ധിച്ച്.

സൂചന:- 12.05.2020 തീയതിയിലെ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കത്ത് നമ്പർ. കൈറ്റ്/2020/1421(3).

********

സർക്കാർ/എയ്ഡഡ്/ അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ പ്രവേശനം/വിടുതൽ സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും (സർക്കാർ/ എയ്ഡഡ്/ അൺ എയ്ഡഡ്) 2020-21 അദ്ധ്യയന വർഷത്തേയ്ക്കുള്ള അഡ്മിഷൻ മെയ്- 18-ാം തീയതി മുതൽ കോവിഡ്-19 സംബന്ധിച്ച സർക്കാർ പൊതുനിർദ്ദേശങ്ങൾക്ക് അനുസൃതമായി ആരംഭിക്കേണ്ടതാണ്.
2. സർക്കാർ/ എയ്ഡഡ് സ്കൂൾ പ്രവേശനത്തിനായിട്ടുള്ള അപേക്ഷ സ്കൂളിൽ നേരിട്ടെത്തിയോ, ഓൺലൈൻ വഴിയോ നൽകാവുന്നതാണ്. സ്കൂളിൽ നേരിട്ടെത്തി അപേക്ഷിക്കുന്നവർ കൊവിഡ്-19 മായി ബന്ധപ്പെട്ട് സർക്കാർ നിഷ്ക്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. സ്കൂൾ അധികൃതർ ഇക്കാര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതുമാണ്. ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നവർ സമ്പൂർണ (sampoorna.kite.kerala.gov.in) പോർട്ടലിലൂടെയാണ് സ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. രക്ഷകർത്താക്കൾ അപേക്ഷ സമർപ്പിക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
3. അഡ്മിഷൻ സമയത്ത് ഏതെങ്കിലും രേഖകൾ ഹാജരാക്കാൻ കഴിയാത്ത കുട്ടികൾക്കും താത്ക്കാലികമായി അഡ്മിഷൻ നൽകാവുന്നതാണ്. അന്യസംസ്ഥാനങ്ങൾ, വിദേശ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വരുന്ന കുട്ടികൾക്കും ഇത്തരത്തിൽ അഡ്മിഷൻ നൽകാവുന്നതാണ്.

4. ഓൺലൈൻ സംവിധാനത്തിലൂടെ പുതുതായി പൊതുവിദ്യാലയങ്ങളിലേക്കുള്ള കുട്ടികളുടെ പ്രവേശനവും, വിടുതൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള പ്രവേശനവും സംബന്ധിച്ച് തുടർനിർദ്ദേശങ്ങൾ (ഓൺലൈൻ സംവിധാനങ്ങളുടെ ഉപയോഗം, പ്രയോഗം തുടങ്ങിയവ സംബന്ധിച്ച്) പ്രത്യേക നിർദ്ദേശങ്ങൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.
5. പൊതുവിദ്യാലയങ്ങളിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ കുട്ടികൾക്കും പ്രവേശനം ഉറപ്പാക്കുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതാണ്. വിദ്യാഭ്യാസ ഓഫീസർമാരും, പ്രഥമാദ്ധ്യാപകരും ഇക്കാര്യത്തിൽ അനുകൂലമായ സമീപനം സ്വീകരിക്കുകയും വേണ്ടവിധത്തിൽ ഇടപെട്ട് പ്രവേശന നടപടികൾ സുഗമമാക്കുകയും വേണം.
6. വിടുതൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് സമ്പൂർണ്ണ വഴിയുള്ള നിലവിലെ സംവിധാനം തുടരാവുന്നതാണ്. വിടുതൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും മേൽപ്പറഞ്ഞ രീതിയിൽ നേരിട്ടോ, ഓൺലൈനായോ സമർപ്പിക്കാവുന്നതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്

1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
2. ഡയറക്ടർ, സമഗ്രശിക്ഷ, കേരള
3. ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കൈറ്റ്
4. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
5. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
6. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
7. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ മുഖേന)
8. കരുതൽ ഫയൽ